(ബി) പ്രസ്തുത വാർഷിക പദ്ധതികളിലെ ഓരോ തലവും അടങ്കലിന്റെയും എത്ര ശതമാനം തുകയാണ് ചെലവഴിക്കപ്പെട്ടിട്ടുണ്ട്, ഇതും ശതമാനവും വിശദമാക്കാമോ;

(സി) പ്രസ്തുത ഓരോ വർഷങ്ങളിലെയും മൊത്തം പദ്ധതി അടങ്കൽ, മൊത്തം പദ്ധതി ചെലവ്, അതിന്റെ ശതമാനം എന്നിവ വിശദമാക്കാമോ ?

ഉത്തരം

(എ-സി) 2011-12 മുതൽ 2015-16 വരെയുള്ള വാർഷിക പദ്ധതിയിലെ തലവും അടങ്കൽ തുകയും ചെലവഴിച്ച വിവരങ്ങളും അനുബന്ധമായി നൽകുന്നു*.

ധർമ്മടം നിയോജകമണ്ഡലത്തിലെ അസറ്റ് ഡെവലപ്മെന്റ് ഫണ്ട്

147 (3301) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജക മണ്ഡലത്തിൽ അസറ്റ് ഡെവലപ്മെന്റ് ഫണ്ട് നിലവിൽ വന്നതിനുശേഷം ഏതെല്ലാം പ്രവർത്തികൾക്ക് ധനകാര്യ വകുപ്പ് അംഗീകാരം നൽകിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഫണ്ട് മുഖേന ഓരോ പ്രവർത്തിക്കും അനുവദിച്ച തുക എത്രയെന്നു തിരിച്ചു വിശദമാക്കാമോ?

ഉത്തരം

(എ & ബി) ആസ്തി വികസന പദ്ധതി നിലവിൽ വന്നതിനുശേഷം ധർമ്മടം നിയോജക മണ്ഡലത്തിൽ നടപ്പാക്കുന്നതിനായി ധനകാര്യ വകുപ്പ് ധനാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

പേരാമ്പ്ര നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ട്

148 (3302) ശ്രീ. കെ. കുഞ്ഞഹമ്മദ് മാസ്റ്റർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പേരാമ്പ്ര നിയോജകമണ്ഡലത്തിൽ ആസ്തി വികസന ഫണ്ടിൽ എത്ര തുകയാണ് നീക്കിവച്ചിരിക്കുന്നതെന്നും അവയിൽ എത്ര പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയെന്നും ഓരോ പ്രവൃത്തിക്കും എത്ര തുകയാണെന്നും ഇനി എത്ര തുക അവശേഷിക്കുന്നു എന്നും വ്യക്തമാക്കുമോ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ആസ്തി വികസന പദ്ധതിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് ഓരോ നിയോജക മണ്ഡലത്തിന്റെയും ആസ്തി വികസനത്തിനായി 5 കോടി രൂപ വീതം പ്രതിവർഷം അനുവദിച്ചിട്ടുണ്ട്. ആസ്തി വികസന പദ്ധതിയിൽ കീഴിൽ പൊതുമരാമത്ത് നിയോജകമണ്ഡലത്തിൽ നടപ്പാക്കുന്നതിനായി ഭരണ വകുപ്പിന്റെ വ്യക്തമായ ശിപാർശയോടെ ധനകാര്യ വകുപ്പിൽ വരിച്ചതും ധനാനുമതി നൽകിയിട്ടുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഇതിൽ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്. 2012-13 മുതൽ 2015-16 വരെ കാലയളവിൽ ഇനി ധനാനുമതി നൽകുന്നതിനായി അവശേഷിക്കുന്ന തുക 888 കോടി രൂപയാകുന്നു.

ആസ്തി വികസന ഫണ്ട്

149 (3303) ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾക്ക് ഭരണാനുമതി വൈകുവാൻ കാലതാമസം നേരിടുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ ;

(ബി) ആസ്തി വികസന ഫണ്ട് വിനിയോഗിച്ചുള്ള പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള നടപടികളിലെ കാലതാമസം ഒഴിവാക്കാനും കൂടുതൽ സുതാര്യമാക്കാനും നടപടിയുണ്ടാകുമോ?

ഉത്തരം

(എ & ബി) എം.എൽ.എ.മാരുടെ നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സമയക്രമം നിശ്ചയിച്ചുകൊണ്ട് 28-12-2012-ലെ സർക്കുലർ നമ്പർ 73/2012/ധന പ്രകാരം വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പ് ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ധനാനുമതി നൽകിയ പ്രവൃത്തികൾക്ക് അടുത്ത പത്ത് ദിവസത്തിനുള്ളിൽ തന്നെ ഭരണാനുമതി നൽകണമെന്ന് ടി സർക്കുലറിൽ നിർദ്ദേശിക്കുന്നു. കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ധനാനുമതി ത്വരിതപ്പെടുത്തുന്നതിനുള്ള അടിയന്തര നടപടികളുടെ ഭാഗമായി ധനകാര്യ (നോഡൽ-സി) വകുപ്പിന് രൂപം നൽകിയിട്ടുണ്ട്. ഭരണാനുമതി കാലതാമസം കൂടാതെ പുറപ്പെടുവിക്കുന്നതിനുള്ള കർശന നിർദ്ദേശം ഭരണ വകുപ്പുകൾക്ക് നൽകുന്നതാണ്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly